## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 4651 28/6/2013 ൽ മറുപടിയ്ക്ക്

# കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി, ഫിഷറിസ് , പരിസ്ഥിതി, എസ്.എച്ച് .എം വകുപ്പുകൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യ ക്തമാക്കുമോ;

(എ)

| | വകുപ്പ് | അനുവദിച്ച തുക | റിലീസ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| | | കോടിയിൽ | | |
| 1 | കൃഷി വകുപ്പ് | 122.66 | 66.89 | 64.15 |
| 2 | ഫിഷറീസ് വകുപ്പ് | 4.4 | 2.34 | 2.29 |
| 3. | പരിസ്ഥിതി വകുപ്പ് | 26.91 | 11.64 | 10.66 |
| 4. | എസ്.എച്ച്.എം | 9.41 | 9.41 | 9.30 |

**13-ാം ധനകാര്യ കമ്മീഷൻ മുഖേന നടപ്പിലാക്കുന്നത്**

| | വകുപ്പ് | അനുവദിച്ച തുക | റിലീസ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| | | കോടിയിൽ | | |
| 1 | കൃഷി | 8.93 | 4.75 | 4.12 |
| 2 | ഫിഷറീസ് | 20.03 | 8.50 | 2.50 |
| 3. | അഡാക്ക് | 20.705 | 13.716 | 6.69 |

| | | | |
|---|---|---|---|
| (ബി) | കുട്ടനാട് പാക്കേജിൽ 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്ര എന്നും ഇതിൽ ചെലവഴിച്ചത് എത്രയെന്നും വിശദമാക്കുമോ; | (ബി) | കുട്ടനാട് പാക്കേജിൽ 13-ാം ധനകാര്യ കമ്മീഷൻ മുഖേന ലഭിച്ച 300 കോടി രൂപയിൽ അംഗീകാരം നൽകിയ പദ്ധതികളുടെ തുക 199.561 കോടി രൂപയാണ്. ഇതിൽ 111.54 കോടി രൂപ റിലീസ് ചെയ്യുകയും 46.01 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൻ കീഴിൽ എത്ര പാടശേഖരങ്ങളെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും നിർമ്മാണം ആരംഭിച്ച പാടശേഖരങ്ങൾ ഏതൊക്കെയെന്നും വിശദമാക്കുമോ; | (സി) | വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | കുട്ടനാട് പാക്കേജിന്റെ ഭാഗമായി ഓണാട്ടുകരയ്ക്ക് പ്രത്യേക പാക്കേജുകൾ അംഗീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ എത്ര കോടിരൂപയാണ് ഇതിലേക്ക് നീക്കി വച്ചിട്ടുള്ളതെന്നും ജലനിർഗ്ഗമന പദ്ധതികൾക്ക് എത്ര വാട്ടർഷെഡ്ഡുകളായിട്ടാണ് പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുള്ളതെന്നും ഇതിന്റെ ടെൻഡർ ചെയ്ത പ്രവൃത്തികൾ, നിർമ്മാണം | (ഇ) | ഓണാട്ടുകരയ്ക്കുള്ള 248.39 കോടി രൂപയുടെ പദ്ധതി 18/8/2011 ൽ കേന്ദ്ര ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി അംഗീകരിച്ചു. 31/3/2012 ൽ കേന്ദ്രവിഹിതമായി 11.25 കോടി റിലീസ് ചെയ്യുകയും ഇതിന്റെ ആനുപാതിക സംസ്ഥാന വിഹിതമായ 3.75 കോടി രൂപയും റിലീസ് ചെയ്തു. 12 വാട്ടർഷെഡുകൾ ഉൾപ്പെടുന്ന ടി പദ്ധതിയിൽ 7 എണ്ണം ടെൻഡർ ചെയ്യുകയും അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 2 പ്രവൃത്തികൾ ടെൻഡർ |

| | |
|---|---|
| ആരംഭിച്ചവ എന്നിവ ഏതൊ ക്കെയെന്നും വിശദമാ ക്കുമോ? | ചെയ്യുകയും, 3 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി പരിശോധനയിലാണ്. 2015 ഡിസംബർ വരെ പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള കാലാവധി നീട്ടിത്തരുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്